# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേപ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**വയനാട്-673121**

**ഇ-മെയിൽ: dowyd.ksad@kerala.gov.in**
**ഫോൺ : 0493-6203672**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി-പി4-802/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 26/10/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-802/2021

തീയ്യതി: 26/10/2021

## വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്‍റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്‍റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-09-2021 മുതൽ 01-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്‍റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്‍റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്‍റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി കെ ഉണ്ണി | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 01-10-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 01-10-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷാജു തോമസ് , ഓഡിറ്റ് ഓഫീസർ
നവാസ് കെ എം, അസി.ഓഡിറ്റ് ഓഫീസർ

ഡേവിഡ് കെ വി, അസി.ഓഡിറ്റ് ഓഫീസർ
റ്റിജി വർഗ്ഗീസ് ഓഡിറ്റർ
വിപിൻ ചന്ദ്രൻ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ കെ സഹദ് | പ്രസിഡന്റ് | 01-04-2020 | 21-12-2020 |
| ഓമന സുരേഷ് | പ്രസിഡന്റ് | 22-12-2020 | 31-03-2021 |
| ജോണി ടി ഡി | സെക്രട്ടറി | 01-04-2020 | 31-05-2021 |
| | | | |

| | | | |
|---|---|---|---|
| വർക്കി പി എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2020 | 17-06-2020 |
| രമേഷ് കെ എൻ | സെക്രട്ടറി | 18-06-2020 | 26-02-2021 |
| സലീം പാഷ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശാലിനി പി എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജയരാജ് കെ | വെറ്ററിനറി സർജൻ | 01-04-2020 | 14-02-2021 |
| ഡോ.അനിൽ ബി | വെറ്ററിനറി സർജൻ | 15-02-2021 | 31-03-2021 |
| ഡോ.സയീദ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ഷാഹിദ് പി പി | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.ആരിഫ വി പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ആഷിക്ക് ബാബു സി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| വിനോദ് വി എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 05-11-2020 |
| മുഹമ്മദ് ബഷീർ കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 06-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഗീത എൻ പി | ഐ സി ഡി എസ് സൂപ്പർവൈവെസർ | 01-04-2020 | 31-03-2021 |
| ലിസി ജോസഫ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീകണ്ണൻ | അസി .എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| വർക്കി പി എൽ | അസി. സെക്രട്ടറി | 01-04-2020 | 17-07-2020 |
| സലീം പാഷ | അസി. സെക്രട്ടറി | 18-07-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ധനകാര്യ പത്രിക പൂർണ്ണമല്ല | 1-2-1 |
| 3 | ട്രയൽ ബാലൻസ് ക്ലോസിംഗ് ബാലൻസ്ഷീറ്റ് സ്റ്റേറ്റ്മെന്റ്,ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. | 1-2-2 |
| 4 | വാർഷികധനകാര്യപത്രിക | 1-2 |
| 5 | തുക പിൻവലിക്കൽ-രേഖകൾ ലഭ്യമല്ല | 1-2-3 |
| 6 | രജിസ്റ്ററുകൾ കാലികമാക്കുന്നില്ല. | 1-2-4 |
| 7 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-2-5 |
| 8 | വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-2-6 |
| 9 | പൊതു അപാകതകൾ | 1-2-7 |
| 10 | എൻ.ആർ.ജി.എ-ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്- ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-2-8 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | അഭ്യന്തര നിയന്ത്രണം | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 18 | രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-10 |
| 19 | നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ലീഫുകളിൽ ഗുണഭോക്താവിൽ നിന്നും പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 1-11 |

| | | |
|---|---|---|
| 20 | നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത പണം മുഴുവനായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല:- | 1-12 |
| 21 | സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല. | 1-13 |
| 22 | വാടക കുടിശ്ശിക വർദ്ധിക്കുന്നു | 1-14 |
| 23 | മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല | 1-15 |
| 24 | പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല | 1-16 |
| 25 | ലൈഫ് പദ്ധതി ഫേസ് - വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 26 | ലൈഫ് പദ്ധതിയുടെ (ജനറൽ) രണ്ടാം ഘട്ട പ്രവർത്തനങ്ങൾ-പരാമർശം | 1-18 |
| 27 | കരാർ ഒപ്പിടാൻ ,എസ്റ്റിമേറ്റിന് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചില്ല | 1-19 |
| 28 | മരാമത്ത് പ്രവൃത്തി പൂർത്തീയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല | 1-20 |
| 29 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല | 1-21 |
| 30 | ഒരു റോഡ് റിപ്പയറിനായി ഒരേ ചെയിനേജിൽ രണ്ടുപദ്ധതികൾ നടപ്പിലാക്കി | 1-22 |
| 31 | സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളുടെ എസ്റ്റേമറ്റ് പുതുക്കി നൽകുന്നു. | 1-23 |
| 32 | പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല | 1-24 |
| 33 | EMD രജിസ്റ്റർ സൂക്ഷിക്കുന്നില്ല, | 1-25 |
| 34 | അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം | 1-26 |

| | | |
|---|---|---|
| 35 | എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകരന് അധിക തുക നൽകി. | 1-27 |
| 36 | എം എൻ ആർ ഇ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ -മെറ്റീരിയൽ വിതരണം നടത്തിയ കരാറുകാരിൽ നിന്നും ജി.എസ് .ടി., ആദായ നികുതി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയിട്ടില്ല. | 1-28 |
| 37 | എം.എൻ.ആർ.ജി.എസ്. - മെറ്റീരിയൽ വർക്കുകൾക്കുകളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ | 1-29 |
| 38 | എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ -പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തീയതികളിലെ മസ്റ്റർ റോൾ പ്രകാരം ലേബർ വേജ് തുക അനുവദിച്ചു. | 1-30 |
| 39 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ജനറൽ | 1-31-1 |
| 40 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം-പട്ടികജാതി | 1-31-2 |
| 41 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം-പട്ടികവർഗ്ഗം | 1-31-3 |
| 42 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം-അപാകതകൾ | 1-31 |
| 43 | ലോൺ തിരിച്ചടവ് -അപാകതകൾ | 1-32 |
| 44 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു. | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 20-21 വർഷത്തെ ബഡ്ജറ്റ്
23.02.2019 തീയതിയിലെ 01/19 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ
മുന്നിരിപ്പ്- 2100000
വരവ് – 418675549
ആകെ – 420775549
ചെലവ് – 416557849
നീക്കിയിരിപ്പ് – 4217700

### 1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വ
അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ
സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖ
15.06.2020 ന് അക്കൗണ്ടന്റ്/1/2020 നം. പ്രകാരം ഗ്രാമ പഞ്ചായത്ത്
വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാത
അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല
മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-2-2 ട്രയൽ ബാലൻസ് ക്ലോസിംഗ് ബാലൻസ്ഷീറ്റ് 
### എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊ

(1)ട്രയൽ ബാലൻസിൽ ക്ലോസിംഗ് ബാലൻസായി ചേർത്തിട്ട
എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഒരേ
ബാലൻസും,ക്രെഡിറ്റ് ബാലൻസുമുണ്ട്.

(2)ട്രയൽ ബാലൻസിൽ ക്ലോസിംഗ് ബാലൻസായി ചേർത്തിട്ടുള്ള
സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഒരേ ഇനത്തിന് തന്നെ
ബാലൻസുമുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 23.07.2021 | --- | --- |

### 1-2-3 തുക പിൻവലിക്കൽ-രേഖകൾ ലഭ്യമല്ല

A)തനത് ഫണ്ട് അക്കൗണ്ട് നമ്പർ (WDCB -014 ) ൽ നിന്ന് 14/08/2019 ന് 65,000/-
തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

B)സെൻട്രൽ ബാങ്ക് പ്ലാൻ അക്കൗണ്ടിൽ (2154175629 ) നിന്ന് 25/04/2017 ന്
പ്രസ്തുത തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

## 1-2-4 രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, സ്ഥിരനിക്ഷേപ രജിസ്റ്റർ, അഡ്വാൻസ് രജി
ചെലവ്, നീക്കിബാക്കി എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന്

## 1-2-5 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

A)റഗുലറൈസേഷൻ രജിസ്റ്റർ, ലേല രജിസ്റ്റർ, വാട്ടർ ചാർജ്ജ്
ഹാജരാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ അനുമതി രജിസ്റ്റ
പൂർത്തീകരിച്ചിട്ടില്ല.വിവിധ വരവിനങ്ങളിലെ കുടിശ്ശികയുടെ ക
കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
B) ടെണ്ടർ ഫോറം വിൽപ്പന നടത്തിയ ഇനത്തിൽ ₹2,39,292/-രൂപ വര
വിൽപ്പന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-2-6 വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്ത

A)സമ്പൂർണ്ണ ഭവന പദ്ധതിയിൽ വാർഷിക കണക്കിലെ മുൻബ
രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | മുൻബാക്കി | തിരിച്ചടവ് | നീക്കിബ |
|---|---|---|---|
| രജിസ്റ്റർ | 2,84,66,806 | 62,19,984 | 2,58,27,355 |
| വാർഷിക കണക്ക് | 2,91,41,806 | 68,50,300 | 2,58,27,355 |

B)ലൈഫ് ഭവന പദ്ധതിക്ക് ലഭ്യമായ ഹഡ്കോ വായ്പക്ക് ലോൺ രജിസ്റ്റർ

## 1-2-7 പൊതു അപാകതകൾ

A)ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

B) B11(A) Schedule പ്രകാരം Capital Work In Progress എന്നയിനത്തിൽ ₹2
സംബന്ധിച്ച കാൽക്കുലേഷൻ ഷീറ്റ് പരിശോധനയക്ക് ഹാജരാക്കിയിട്ട

C)B9 Schedule ൽ Stale Cheque ഇനത്തിൽ ₹7,22,137/- രൂപ നൽകാനുള്ള
എന്നാൽ ഇത് യഥാർത്ഥ ബാദ്ധ്യത ആണോ എന്ന് വ്യക്തമല്ല.

D)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ലെ ബാധ്യതകൾക്ക് പ്രത്യേകം അ
കൺട്രോൾ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-2-8 എൻ.ആർ.ജി.എ-ക്യാഷ് ബുക്ക് പ്രകാരമുള്ള വര കണക്കുമായി പൊരുത്തപ്പെടുന്നില്ല

എൻ.ആർ.ജി.എ അക്കൗണ്ടിന്റെ ക്യാഷ്ബുക്കും
പൊരുത്തപ്പെടാത്തതായിബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊ

| 2020-21 | മുൻബാക്കി | ഭരണചെലവ് | ആകെ വരവ് | അ |
|---|---|---|---|---|
| വാർഷിക കണക്ക് | 673961 (RP -40(A) | 2388465 (RP-31 ) | 56454346 (I-6) | 567 (I-1 |
| ക്യാഷ് ബുക്ക് | 670048 | 1438526 | 58908156 | 581 |

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവ അന്വേഷണക്കുറിപ്പിന് (4/20 - 21/24.9.2021 ) മറുപടി ലഭ്യ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 68916266 |
| വരവ് | 272450742 |
| ആകെ | 341367008 |
| ചെലവ് | 304930736 |
| നീക്കിയിരിപ്പ് | 36436272 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ഗ്രാന്റ് വിനിയോഗത്തിന്റെ വ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 36170577 | 36170577 | 35532524 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9558383 | 9558383 | 7549271 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9558383 | 9558383 | 6825675 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20757000 | 20757000 | 16876863 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7769613 | 7769613 | 2143729 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ പ്രഫോമൻസ് ഗ്രാന്റ് | 0 | 38384224 | 38384224 | 21702097 | 0 |
| ജനറൽ പർപസ് ഗ്രാന്റ് | 0 | 19567966 | 19567966 | 19567966 | 0 |
| ഭി ഫണ്ട് | 0 | 76188460 | 76188460 | 76188460 | 0 |
| തനത് ഫണ്ട് | 54681652 | 18388456 | 73070108 | 57806283 | 1526 |

സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പ (എ |
|---|---|---|---|---|---|
| 330 | 328542987 | 174 | 165633313 | 69 | 87 |

## 1-6 അഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പരിശോധാനസ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. ഓഫീസ് പ്രവർത്തനങ്ങ ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർ വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ടങ്കിലും ഒരോ സെക്ഷനും നിർവഹിക കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയു കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കു മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

ജംഗമ ആസ്തികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ക്ര ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വരവുകൾ സംബന്ധിച്ച് പ്രതിമാസ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ നിന്നുള്ള വടക വരവിനത്തിര കൃത്യമായി വാടക അടവാക്കാത്തവർക്കെതിരെ യാതൊരു നടപട അടവാക്കുന്നതിൽ വീഴ്ച വരുത്തിയവർ തന്നെ നിലവിലും കെട്ടിട മുറി

എം.എൻ.ആർ.ഇ.എ ഫയലുകൾ സൂക്ഷിപ്പ് കാര്യക്ഷമമല്ല. ഫയലുകo
സൂപ്പർവൈസിംഗ് ഓഫീസർ ഫയലുകളോ ട്രാൻസാക്ഷനുകളോ പരി

ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാ

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികള
കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5346800 | 276 |
| വിധവാപെൻഷൻ | 42926300 | 2039 |
| വാർദ്ധക്യകാലപെൻഷൻ | 54221100 | 2733 |
| വികലാംഗപെൻഷൻ | 10254600 | 482 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 287100 | 13 |
| തൊഴിൽ രഹിത വേതനം | 5760 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമു
പരിശോധന 30.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യേ
നടത്തുകയുണ്ടായി. പരിശോധനയിൽ ₹59431/- ക്യാഷ് നീക്കിയിരി
പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡി കാലയ |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2019 | 2018-1 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | |

## 1-10 രസീതി പരിശോധനയിൽ കണ്ടെത്തിയ അപാക

2020-21 വാർഷിക ഓഡിറ്റിന്റെ ഭാഗമായുള്ള രസീതി പരിശോധനയി
ചുവടെ കൊടുക്കുന്നു.

1.<u>മാന്വൽ രസീതി ബുക്കുകൾ ക്രമനമ്പർ പ്രകാരമല്ല വിതരണം നടത്തി</u>

04/12/19 തിയ്യതിയിൽ ക്രമനമ്പർ 60276 മുതൽ 60315 വരെയുള്ള രസീ പി ഓഫീസിൽ നിന്നും പഞ്ചായത്തിൽ ലഭിച്ചു. ഇവ 05/12/19 തിയ്യത ഉദ്യോഗസ്ഥർക്കും ക്ലാർക്കുമാർക്കുമായി വിതരണം നടത്തി. ക്രമപ്രകാരമല്ല വിതരണം നടത്തിയത്.ആദ്യ നംമ്പറുകളായ 60276, 602 അവസാനമാണ് വിതരണം നടത്തിയത്(11/12/20).

2.<u>രസീതി ബുക്കിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത</u>

കെ ടി സി വോല്യം I ആർട്ടിക്കിൾ 92(B) കുറിപ്പ് 2 പ്രകാരം ഓരോ സൂക്ഷ്മമായി പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുര രസീതി ബുക്കുകളിൽ മിക്കവയിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

27631, 27632, 27633,27634, 27643, 27636,27638, 27639,27640, 27642, 27645, 27646, 2765

3. <u>നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്യുന്ന രസീതി ബുക്കുകൾ ഉ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഇവയിൽ ഉപയോഗിക്കാത്ത രസീതി</u>

നിർവ്വഹണ ഉദ്യോഗസ്ഥരായ സീനിയർ വെറ്റിനറി സർജ്ജ എൻജിനീയർ എന്നിവർക്ക് ഇഷ്യൂ ചെയ്ത രസീതി ബുക്കുകൾ പ സൂക്ഷിച്ചിട്ടില്ല. അസി. എൻജിനീയറുടെ പേരിൽ 17/10/19 തിയ്യതിയിൽ ബുക്ക് ഉപയോഗിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടുണ്ട്.

4. <u>രസീതി ലീഫുകളിൽ തിയ്യതി രേഖപ്പെടുത്താതെ ഗുണഭോക്താവിന്</u>

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 60293 -ാം നം.രസീ ലീഫ് നം. 2 മുതൽ 14 വരെയായി 5,00,000/- രൂപ പിരിച്ചെടുത്ത് 24/01/ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്(രസീതി നം.119040105060). എന്നാൽ സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിൽ നി രേഖപ്പെടുത്താത്ത, രസീതി ലീഫുകൾ മുഖേന പിരിച്ചെടുത്ത 5,00, 24/01/2020 തിയ്യതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കിയപ്പോൾ അകൗണ്ട്സ് ചട്ടങ്ങൾ ചട്ടം 23 പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5.<u>ഉപയോഗ ശേഷം ബാക്കിയുള്ള രസീതി ലീഫുകൾ ക്യാൻസൽ ചെയ്</u>

ഉദാ. രസീതി ബുക്ക് നം.33419, 60294.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ല നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/20-21/30.09.21) മറുപടി ല ലഭ്യമാക്കേണ്ടതാണ്.

## <u>1-11 നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ലീഫുകളിൽ നിന്നും പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയി</u>

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 60293 -ാം നം.രസീ
ലീഫ് നം. 2 മുതൽ 14 വരെയായി 5,00,000/- രൂപ പിരിച്ചെടുത്ത് 24/01/
ഫണ്ടിൽ അടവാക്കി(രസീതി നം.119040105060). എന്നാൽ രസീതി ല
തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിൽ നിന്ന്
രേഖപ്പെടുത്താത്ത, രസീതി ലീഫുകൾ മുഖേന 5,00,000/-രൂപ പിര
നൽകേണ്ടതാണ്.

## 1-12 നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ഉപയോഗിച്ച് മുഴുവനായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ട

നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയർക്ക് ഇഷ്യൂചെയ്ത
73-ാം നം.ലീഫ് ഉപയോഗിച്ച് എൽദോ വർഗ്ഗീസ് എന്നയാളിൽ നിന്ന്
എന്നാൽ 761/- രൂപ മാത്രമേ (രസീതി നം.120040104978 Dtd.25/02
അടവാക്കിയിട്ടുള്ളൂ. അടവാക്കാൻ ബാക്കിയുള്ള തുക അടവാക്കി അ

## 1-13 സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരി ഡിമാന്റ് ഡ്രാഫ്റ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേ

ധനകാര്യ വകുപ്പിന്റെ 27.08.2010 -ലെ സർക്കുലർ നമ്പർ 80/
സുരക്ഷിത നിക്ഷേപം എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ത
നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി. സെ
നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (എസ്.സി)
എസ്.0196/21) 09.08.2018 നടത്തിയ ടെണ്ടറിന്റെ ഭാഗമായി കരാറു
ഇനത്തിൽ ലഭിച്ച താഴെ പറയുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ
നിക്ഷേപിക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നമ്പർ | കരാറുകാരൻ/സ്ഥാപനം | ഡിമാന്റ് ഡ്രാഫ്റ്റ് നമ |
|---|---|---|
| 1 | പ്രശാന്ത് | 630356/10.08.2018 (എസ് |
| 2 | കലവറ കൽപ്പറ്റ | 750042/18.08.2018 (ആന്ധ്ര |
| ആകെ തുക | | |

2011 - ലെ പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിലെ, ചട്ടം 20 പ്രകാര
ഗ്രാമപഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന എതൊരു തുകയും യ
ഒടുക്കേണ്ടതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിനു വേണ്ടി
നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച ഡിമാന്റ് ഡ്ര
അക്കൗണ്ടിൽ ഒടുക്കാതെ ഫയലിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറി നം. 11/2020-21/ 28.09.2021 ക്ക് മറുപടി ലഭ്യ
ലഭ്യമാക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക വർദ്ധിക്കുന്നു

2020-21 ൽ വാടക കുടിശ്ശികയിനത്തിൽ ചുവടെ
ഡിമാന്റ്,കളക്ഷൻ,ബാലൻസ് ഉണ്ട്.

| | |
|---|---|
| ഡിമാന്റ് | 3486747 |

| | |
|---|---|
| | (B15 ഷെഡ്യൂൾ - 2019-20 വാർഷിക ക<br>(തൻവർഷം=14,03,218<br>കുടിശ്ശിക = 20,83,529 ) |
| കളക്ഷൻ | 1091956 (RP-43 2020-21 AFS) |
| ബാലൻസ് | 2354791 (B-15 2020-21 AFS) |

കുടിശ്ശിക ഡിമാന്റ് , കളക്ഷൻ,ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കു കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. കുടിശ്ശിക കളക്ഷൻ എ വ്യക്തമല്ല.

2020 -21 ൽ ലഭിക്കാനവശേഷിക്കുന്ന വാടകയുടെ വിശദാംശങ്ങൾ ചുവ

| പേര് | റൂം നമ്പർ | പ്രതിമാസ വാടക | അടയ്ക്കാനവശേഷിക്കുന്ന തവ |
|---|---|---|---|
| നൗഫൽ | 6/258 | 3440 | 9 |
| സെക്രട്ടറി കുന്നമ്പറ്റ | 6/272 | 332 | 2 |
| അബ്ദുൾ നാസർ | 6/273 | 12636 | 12 |
| അബ്ദുൾ നാസർ | 6/274 | 6787 | 12 |
| ജംഹർ | 6/280 | 11403 | 11 |
| ജംഹർ | 6/281 | 11403 | 12 |
| ജംഹർ | 6/289 | 4200 | 12 |
| അബ്ദുൾ നാസർ P.K | 6/276 | 4034 | 12 |
| അഷറഫ് | 6/291 | 4231 | 12 |
| റഷീദ് P.T | 6/292 | 4527 | 12 |
| അലവി | 6/296 | 4733 | 12 |
| ഉണ്ണികൃഷ്ണൻ | 6/300 | 1955 | 12 |
| ഉണ്ണികൃഷ്ണൻ | 4/302 | 1266 | 12 |
| വർഗ്ഗീസ് | 6/301 | 1702 | 12 |
| അസ്മ | 6/81 | 6834 | ഒരു വർഷത്തേക്ക് ആകെ തൻവർഷം 14000 രൂപ ഒടുക്കി |
| അക്ഷയ | 7/617 | 1596 | ഒരു വർഷത്തേക്ക് ആകെ തൻവർഷം ₹15423 രൂപ ഒടുക്കി |
| | | | .ആകെ |

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന വാടക്കാർക്ക് നോട്ടീസ് അ വാടക ഈടാക്കിയതിന്റെ വിശദാംശങ്ങളും ഹാജരാക്കാനാവശ നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ വാടകയിനത്ത് 918482 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.തുക വെക്കുന്നു.

## 1-15 മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാ
## ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനക സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയ കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.വിശ

| പ്രൊജക്ട് നം/അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | 'ടെണ്ടർ ഭരണസമിതി അംഗീകരിച്ച തിയതി | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന അവസാനതിയതി | കരാർ ഒപ്പിട്ട തിയതി/ എഗ്രിമെന്റ് | ഈടാ പിഴ 1 |
|---|---|---|---|---|---|
| 312/21 (46/20) മുണ്ടകൈ സ്കൂൾ ക്ലാസ്റൂം നിർമ്മാണം 11,49,000 | സനോജ് കെ.പി. 945711.54 | 23-9-2019 | 13-10-2019 | 27-2-2020 | 9457 |
| 193/21എളമ്പിലേരി റോഡ് കോൺക്രീറ്റ് പൂർത്തീകരണം 4,00,000 | സനോജ് കെ.പി. 3,98,728 | 22-1-2019 | 3-2-2019 | 9-3-2019/AE/LSGD/MEP/18-19/90 | 3987 |
| 250/21 കുഴിവയൽ ലിങ്ക് റോഡ് റീടാറിംഗ് 6,50,000 | സുനിൽകുമാർ ഒ ബി 5,75,260.30 | 9-10-2019 | 23-10-2019 | 11-3-20 AE/LSGD/MEP/18-19/55 | 5753 |
| 343/21 ചൂരൽമല അത്തിച്ചുവട് റോഡ് സൈഡ് സംരക്ഷണം 3,00,000 | സുനിൽകുമാർ ഒ ബി 298922 | 28-10-2019 | 12-11-2019 | 11-3-2020 57/AE/LSGD/MEP/18-19 | 2989 |
| 258/21കുന്നമംഗലംകുന്ന് റോഡ് റിപ്പയർ സെക്കന്റ് റീച്ച് 4,50,000 | സനോജ് കെ പി 449904 | 22-1-2019 | 6-2-2019 | 8-3-2019 AE/LSGD/MEP/18-19/83 | 4499 |
| 321/21ഏഴാംചിറ തോണിക്കടവ് റോഡ് ടാറിംഗ് 8,00,000 | സുനിൽകുമാർ ഒ ബി 724572.75 | 9-10-2019 | 28-10-2019 | 11-3-2020 AE/LSGD/MEP/56/19-20 | 7246 |

| | | | | | |
|---|---|---|---|---|---|
| (260/20)ചോലമല കുമാരൻ വീട് മുതൽ പള്ളിവരെ റോഡ് കോൺക്രീറ്റ് 4,00,000 | സനോജ് കെ.പി.399439.93 | 11-12-2019 | 26-12-2019 | 19-2-2020 AE/LSGD/MEP/19-20/46 | 3994 |
| ആകെ | | | | | 37925 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കി( നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ്. യഥാസമയം കരാർ ഒപ്പിടാതിരുന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കി വിവ താൽക്കാലികമായി തടസ്സത്തിൽ വെക്കുന്നു.

## 1-16 പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ( നിരക്ക് കുറവ് വരുത്തിയില്ല

പ്രവൃത്തി പൂർത്തിയാക്കി 2020-21ൽ അവസാന ബിൽ തുക നൽകി പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ട( കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം/ അടങ്കൽ | കരാറുകാരൻ, ടെണ്ടർ നിരക്ക് | എം ബുക്ക് നമ്പർ, ആകെ പ്രവൃത്തി മൂല്യം | ടെണ്ടർ നിരക്കുപ്ര( ബില്ലിൽ ന കുറവുവരുത്തേണ്ടിയ് തുക |
|---|---|---|---|
| (276/20)മേപ്പാടി ലൈബ്രറിഹാൾ ഇലക്ട്രിഫിക്കേഷൻ, 1,00,000 | എം ആർ സുരേന്ദ്രൻ 0.5% കുറവ് | 39/19-20 86013.50 | 430 |
| (276/20) LSGD ഓഫീസ് നവീകരണം 3,00,000 | എം ആർ സുരേന്ദ്രൻ 0.5% കുറവ് | 45/19-20 83043.19 | 415 |
| (282/20)പാറക്കം വയൽറോഡ് കോൺക്രീറ്റ് 3,00,000 | ജോർജ് കെ വി 0.5% കുറവ് | 31/19-20 278051 | 1390 |
| 150/21 ചെമ്പോത്തറ വീട്ടിമറ്റം റോഡ്ഡ്രൈനേജ് 4,00,000 | എൽദോ വർഗീസ് 0.06% കുറവ് | 8/20-21 360866 | 217 |
| ആകെ | | 2452രൂപ | |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി അധികം നൽകിയ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈഫ് പദ്ധതി ഫേസ് - വീടുകളുടെ നിർമ്മാണം

താഴെ പറയുന്ന ലൈഫ് Phase1 ഗുണഭോക്താക്കൾ നിലവിലും വീട്

| ക്രമ നം | ഗുണഭോക്താവ്, വാർഡ് നം | മുൻ ഭവന നിർമ്മാണം വർഷം | ലൈഫ് എസ്റ്റിമേറ്റ് |
|---|---|---|---|
| 1 | അഷറഫ് പി കെ, 11 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 370000 |
| 2 | റസിയ, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 370000 |
| 3 | രാമൻകുട്ടി, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 280000 |
| 4 | സഫിയ, 4 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 330000 |
| 5 | ജയ, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 120000 |
| 6 | സഫിയ അബ്ദുൾ സലീം, 11 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 370000 |
| 7 | സൈനബ, ,14 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 310000 |
| 8 | സമീറ, 8 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 330000 |
| 9 | ഉണ്ണീൻ, 14 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 330000 |
| 10 | മാധവൻ, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 306666 |
| 11 | മീനാക്ഷി, 4 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 370000 |
| 12 | രത്നമ്മ, 16 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 330000 |
| 13 | റംലത്ത്, 11 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 370000 |
| 14 | ഇബ്രാഹിം, 11 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 370000 |
| 15 | അലി, 10 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 330000 |
| 16 | സുനീറ, 14 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 293333 |
| 17 | ഉഷാകുമാരി, 4 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 360000 |

| | | | |
|---|---|---|---|
| 18 | റഷീദ സലിം, 12 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 293333 |
| 19 | അന്നമ്മ, | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 293333 |
| 20 | സുഹാദ ഹനീഫ, 18 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 40000 |
| 21 | സുനിത, 12 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 240000 |
| 22 | സുബൈദ, 15 | ജനറൽ ഭവനം 2013-14 | 360000 |
| 23 | ശാരദ, | ജനറൽ ഭവനം 2013-14 | 293333 |
| 24 | ആമിന, 7 | ജനറൽ ഭവനം 2013-14 | 293333 |
| 25 | നദീറ, 14 | ജനറൽ ഭവനം 2015-16 | 293333 |
| 26 | ചെല്ല, 11 | ജനറൽ ഭവനം 2015-16 | 320000 |
| 27 | ജമീല, 9 | ജനറൽ ഭവനം 2015-16 | 373333 |
| 28 | റഫീന, 8 | ജനറൽ ഭവനം 2015-16 | 240000 |
| 29 | ഫസീല, 15 | ജനറൽ ഭവനം 2015-16 | 293333 |
| 30 | ശാന്ത,21 | എസ് സി ഭവനം | 40000 |
| 31 | ഉഷ,8 | എസ് സി ഭവനം | 40000 |
| 32 | രജ്ഞിത, 15 | എസ് സി ഭവനം | 373000 |
| 33 | ധന്യ, 19 | എസ് സി ഭവനം | 280000 |
| 34 | സാവിത്രി, 11 | എസ് സി ഭവനം | 360000 |
| 35 | ബിന്ധു, 20 | എസ് സി ഭവനം | 40000 |
| 36 | രാജേശ്വരി, 12 | എസ് സി ഭവനം | 240000 |
| 37 | ശോഭ, 12 | എസ് സി ഭവനം | 213333 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലൈ ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയ വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാ വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിത

ഈടാക്കേണ്ടതാണ്. വീടു പണി പൂർത്തിയാക്കി അറിയിക്കേണ്ടത
തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 ലൈഫ് പദ്ധതിയുടെ (ജനറൽ) രണ്ടാം ഘട്ട പ്രവര

ലൈഫ് പദ്ധതിയുടെ (ജനറൽ) രണ്ടാം ഘട്ട പ്രവർത്തനങ്ങളു ക്രോഡീകരിക്കുന്നു.

| **കരാർ വെച്ചവർ** | **പണി പൂർത്തിയാക്കിയവർ** | **പൂർത്തിയാക്കാൻ ബാക്കിയുള്ളവർ** |
|---|---|---|
| 382 | 241 | 141 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാ ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാ പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെ ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയി പ്രകാരം വീടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീടു പണി പൂർത്ത അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

പരിശോധിച്ച ഫയലുകളിൽ അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ കൊടുക്കുന്നു.

1. ലൈഫ് രജിസ്റ്ററിൽ ബിൽ നമ്പർ, ചെക്ക് നമ്പർ എന്നിവ രേഖപ്പെടു പൂർത്തീകരണ സാക്ഷ്യ പത്രം വെക്കുന്നില്ല.

2. ഒരു ഗുണഭോക്താവിന്റെയും അവസാന ഗഡുവിന്റെ ബാങ്കിൽ നിറ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3, ഒരു ഗുണഭോക്താവിന്റെയും വരുമാന സാക്ഷ്യ പത്രം ലഭ്യമാക്കിയി

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-19 കരാർ ഒപ്പിടാൻ ,എസ്റ്റിമേറ്റിന് ആനുപാതികമായ ഉപയോഗിച്ചില്ല

31-3-2018 ൽ പ്രാബല്യത്തിൽ വന്ന 2018 കേരള ഫിനാ പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കുന്ന കരാറുകൾക്ക് ആനുപാതികമായി ഓരോ ആയിരം രൂപയ്ക്കും ഒരു രൂപാ നി 200രൂപയുടെയും ,പരമാവധി 1,00,000 രൂപയുടെയും മുദ്രപ്പേപ്പർ ഉ ചെയ്തിരുന്നുവെങ്കിലും, താഴെച്ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുമാ കരാറുകൾക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ആനുപാതികമാ ഉപയോഗിച്ചിട്ടില്ല.

| പ്രൊജക്റ്റ് നം/ അടങ്കൽ | കരാറുകാരൻ | എഗ്രിമെന്റ് /തിയതി | കരാർഒപ്പിടാൻ ഉപയോഗിക്കേണ്ടിയിരുന്ന മുദ്രപ്പേപ്പറിന്റെ മൂല്യം | |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 197/21 കുന്നമംഗലംകുന്ന് റോഡ് റിപ്പയർ 3,00,000 | സിനോ എം പി 2,99,276 | AE/LSGD/MEP/18-19/77 ,8-3-2019 | 300 | 2 |
| 214/21 ചൂരൽമലപടവെട്ടിക്കുന്ന്റോഡ് കോൺക്രീറ്റ് 4,00,000 | സുരേഷ് കെ ഡി 399200 | AE/LSGD/MEP/18-19/33 ,14-12-2018S | 400 | 2 |
| 301/21 പഞ്ചായത്ത് ഓഫീസ് സൗന്ദര്യവത്ക്കരണം 6,00,000 | സനോജ് കെ പി | 86/AE/LSGD/MEP/18-19 ,8-3-2019 | 600 | 2 |
| ആകെ കുറവ് | | | | |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കി നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ്. കുറവ് വന്ന തുക ഈടാക്കി നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ച മൂലം സംസ്ഥാന സർക്കാരിന് നഷ്ടപ്പെട്ടതായി കാണുന്നുണ്ട്. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ കൂടുതൽ

## <u>1-20 മരാമത്ത് പ്രവൃത്തി പൂർത്തീയാക്കാൻ കാലതാ ഈടാക്കിയില്ല</u>

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാ കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർ ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാന ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യ ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവി പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. ത

പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമ
പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ 
അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾ
കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസ
കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം/ അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക് (PAC) | എഗ്രിമെന്റ്/ തിയതി | കരാർ പ്രകാരം പൂർത്തി യാക്കേണ്ട തിയതി | എംബുക്ക് പ്രകാരം പൂർത്തി യാക്കിയ തിയതി | |
|---|---|---|---|---|---|
| 193/21 എളമ്പിലേരി റോഡ് കോൺക്രീറ്റ് പൂർത്തീകരണം 4,00,000 | സനോജ് കെ പി 398728 | AE/LSGD/MEP/18-19/ 90 9-3-2019 | 9-9-2019 | 29/1/2020 | |
| 194/21 കള്ളാടി അംഗൻവാടി റിപ്പയർ 1,50,000 | കെ.ടി ജോൺസൺ 1,50,000 | AE/LSGD/MEP/18-19 /60 14-2-2019 | 13-8-2019 | 27/12/2019 | |
| 252/21 അഞ്ചിൽപ്പടി റോഡ് റീടാറിംഗ് 6,00,000 | ബോസ് എൻ എസ് 5,99,860 | AE/LSGD/MEP/18-19/ 75 3-3-2019 | 2-9-2019 | 7/3/2020 | |
| ആകെ | | | | | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്ക
ശക്തമായ മഴയിലും പ്രകൃതിക്ഷോപത്തിലും പ്രവൃത്തി
നേരിട്ടുവെന്നാണ്.ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല.
വരുന്നതിനുമുമ്പ് പ്രവൃത്തി പൂർത്തിയാക്കാൻ മതിയായ സമയമുണ്ട
പൂർത്തിയാക്കാത്തത് കരാറുകാരുടെ വീഴ്ച തന്നെയാണ്.

അതിനാൽ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പര
നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാ
തടസ്സത്തിൽ വെക്കുന്നു.

## **1-21 മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ചരക്ക് കുറവ് വരുത്തിയില്ല**

ചരക്ക് സേവന നികുതി ഉൾപ്പെടെ 2,50,000 രൂപയിൽ 
പ്രവൃത്തികളുടെ അവസാന ബിൽ തയാറാക്കിയപ്പോൾ 12 ശതമാനം

ഉൽപ്പെടുത്തിയെങ്കിലും ,കരാറുകാരന് തുക നൽകിയപ്പോൾ ബില്ലി സേവന നികുതി കുറവ് വരുത്തി ഈ തുക ബന്ധപ്പെട്ട കരാറുകാ നികുതി വകുപ്പിൽ ഒടുക്കേണ്ടതിനുപകരം ഈ തുക കൂടി കരാറുകാ ഇത്തരത്തിലുള്ള എതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| പ്രൊജക്ട് നം/അടങ്കൽ | കരാറുകാരൻ | എം ബുക്ക് നമ്പർ/ പ്രവൃത്തി മുല്യം | ബില്ലിൽ കരാറു നൽകി തുക |
|---|---|---|---|
| 212/21 രാമന്റെ വീടുമുതൽ മുഹമ്മദുകുട്ടി വീട് വരെ 2,00,000 | ലിബിൻ ജോൺ | 43/20-21 181855.63 | 21822.67 |
| 227/21 നീലിക്കാപ്പ് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ 1,00,000 | ജോർജ് കെ വി | 13/19-20 85718.05 | 10286.17 |
| (267/20)മേപ്പാടി ലൈബ്രറി ഹാൾ ഇലക്ട്രിഫിക്കേഷൻ 1,00,000 | എം ആർ സുരേന്ദ്രൻ | 39/19-20 /86013.5 | 10321.62 |
| LSGD ഓഫീസ് നവീകരണം തുടർച്ച 3,00,000 | എം ആർ സുരേന്ദ്രൻ | 45/19-20 /83043.19 | 9965.18 |
| ആകെ | | | 52396 |

2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ ചരക്ക് സേവന നികുതി കൂടി ഉൽപ്പെടുത്തി ,കരാറുകാരന് നൽകി സേവന നികുതി കരാറുകാരൻ ചരക്ക് സേവന നികുതി വകുപ്പിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് കത്തു നൽകിയിട്ടുണ്ടെന്നാ നികുതിയിനത്തിൽ കരാറുകാർക്ക് നൽകിയ 52396 രൂപയുടെ വയ്ക്കുന്നു. അതുപോലെതന്നെ, 2020-21 സാമ്പത്തിക വർഷത്തിൽ അ 2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള എല്ലാ മരാമത്ത് പ്രവൃത്തികള ചരക്ക് സേവന നികുതി കൈപ്പറ്റിയ കരാറുകാർ ,തുക ചരക്ക് ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതും,തുക ഒടുക്കിയിട്ടില്ലായെങ്കിൽ കരാ സേവന നികുതി തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പ ലഭ്യമാക്കേണ്ടതാണ്.

## 1-22 ഒരു റോഡ് റിപ്പയറിനായി ഒരേ ചെയിനേജിൽ ര നടപ്പിലാക്കി

2018-19 ൽ അംഗീകാരം ലഭിച്ച 3,00,000 അടങ്കലിൽ 13-8-2018 ൽ ടെ (197/21) കുന്നമംഗലംകുന്ന് റോഡ് റിപ്പയർ എന്ന പദ്ധതിയും,4,50,000 രൂ 310/19 (258/21) കുന്നമംഗലംകുന്ന് റോഡ് റിപ്പയർ സെക്കന്റ് റീച്ച് പൂർത്തിയാക്കിയിരിക്കുന്നത്. ഈ രണ്ടുപദ്ധതികളുടെയും ഫയലുക സാമ്യങ്ങൾ താഴെ ചേർക്കുന്നു

1. ഈ രണ്ടുപദ്ധതികളുടെയും ഫയലുകളിൽ സൂക്ഷിച്ചിരിക്കു
തന്നെയാണ്

2 ആദ്യത്തെ പദ്ധതിയിൽ(279/19 (197/21) ) ചെയിനേജ് 0/00 മുത
എസ്റ്റിമേറ്റിലും,എസ്റ്റിമേറ്റ് റിപ്പോർട്ടിലും,ഉൾപ്പെയടുത്തിയിട്ടുണ്ടെങ്കി
(310/19 (258/21))ചെയിനേജ് എത്രയെന്നോ,ആകെ ചെയ്യുന്ന ദൂരം എത്രയെ
റിപ്പോർട്ടിലും, രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എം ബുക്കിൽ (60/19-20
വരെയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഈ രണ്ടുപദ്ധതിക
ഭാഗികമായിട്ടാണെങ്കിലും ഒരേ ചെയിനേജിലാണ്.(0/120 മുതൽ 0/247 വ

3. ഈ രണ്ടുപദ്ധതികളുടെയും എസ്റ്റിമേറ്റ് 2020-21 ൽ പുതുക്കിയിട്ടുണ്ട്.

ഈ രണ്ടുപദ്ധതികളും പൂർത്തിയാക്കിയതിന്റെ വിവരം ആസ്തിരജിസ്റ്റ

4. ഈ രണ്ടുപദ്ധതികളിൽ ആദ്യത്തെ പദ്ധതിപ്രകാരമുള്ള റോഡിന്
പ്രവൃത്തിഎന്നു തെളിയിക്കുന്ന യാതോരു രേഖയും ഫയലിലില്ല.

5. ആദ്യത്തെ പദ്ധതിപ്രകാരമുള്ള റോഡിന്റെ തുടർച്ചയാണ് ര
,ഒറ്റപ്രവൃത്തിയായി നടപ്പിലാക്കാതെ എന്തുകൊണ്ട് രണ്ടുപദ്ധത
വ്യക്തമല്ല.

അപാകത സംബന്ധിച്ച് വിശദീകരണം അപാകത സംബന്ധിച്ച് നര
(നമ്പർ 23/20-21) ലഭ്യമാക്കിയ മറുപടിയിൽ ഊട്ടി-കോഴിക്കോട് സംസ
ഈ റോഡ് ചേരുന്ന ഭാഗം ഉയർന്നതിനാൽ റോഡ് ടാ
ചെയ്യുവെന്നും,ആകെ 67.5മീറ്റർ നീളത്തിൽ മാത്രമാണ് ആദ്യ പ്രവൃ
ബാക്കി പ്രവൃത്തി ചെയ്തിരിക്കുന്നത് രണ്ടാമത്തെ പദ്ധതിയിലാണ്
പദ്ധതിയിലുൾപ്പെടുത്തിയവയാണ് ഈ രണ്ടു പദ്ധതികളും. എന്നാൽ
മറുപടിയിൽ പദ്ധതികൾ 2019-20 ൽ ഉൾപ്പെടുത്തിയവയെന്നാണ്. ആദ്യ
) ടെണ്ടർ 13-8-2018 നും ,എസ്റ്റിമേറ്റ് പുതുക്കാനുള്ള തീരുമാനമെടുത്ത
രണ്ടാമത്തെ പദ്ധതി ടെണ്ടർ ചെയ്തിരിക്കുന്നത് 19-1-2019 നാ
വന്നതുമുലമാണ് രണ്ടാമത്തെ പദ്ധതി നടപ്പിലാക്കിയത് എന്നുള്ള നിർ
തെറ്റാണ്.കാരണം ആദ്യത്തെ പദ്ധതി പുതുക്കാൻ തീരുമാനിക്കുന്ന
പദ്ധതി തയറാക്കി,ടെണ്ടർ ചെയ്ത് കരാർ ഒപ്പിട്ടിരുന്നു. ആദ്യത്തെ പദ്ധത
വന്നപ്പോൾ ,പദ്ധതിയാകെ പുതുക്കാതെ ആദ്യ എസ്റ്റി
പൂർത്തിയാക്കാൻവേണ്ടി ഒരേ പേരിൽ രണ്ടാമത് മറ്റൊരു പദ്ധ
സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക
സംസ്ഥാന പാത ഉയർത്തിയതിനാൽ ഈ റോഡ് ചേരുന്ന ഭാഗം
പുതുക്കുന്നത് എന്നു വിശദമാക്കുന്ന തരത്തിലുള്ള റിവൈസ്ഡ് എസ്റ്റി
സൂക്ഷിച്ചിട്ടില്ല.

അതിനാൽ തന്നെ ഈപദ്ധതികൾ നട
ചെയിനേജിലാണോയെന്നുള്ളതിൽ വ്യക്തത വരുത്തുന്നതിന് കൂടുത
ചെയ്യുന്നു .ഈ അപാകതകളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ

അതോടോപ്പംഈരണ്ടുപദ്ധതികൾക്കുമായി താഴെ ചേർക്കുന്ന 6
717092 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ബിൽ നമ്പർ 13/20-21 / 28-4-2020 222915 രൂപ

ബിൽ നമ്പർ 124/20-21 /31-3-2021 63005രൂപ

വൗച്ചർ നമ്പർ 22000261/17-6-20 431172 രൂപ

## 1-23 സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമ എസ്റ്റേ്മറ്റ് പുതുക്കി നൽകുന്നു.

